# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 3044

20.12.2012- ൽ മറുപടിക്ക്

## കയർമേഖലയുടെ ആധുനികവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>,, അൻവർ സാദത്ത്<br>,, വി.പി. സജീന്ദ്രൻ<br>,, പി.എ.മാധവൻ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ)കയർമേഖലയെ ആധുനി കവൽക്കരിക്കാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ; | (എ):<br>• കയർ മേഖലയിലെ നിലവിലുള്ള സഹകരണ സംഘങ്ങൾക്ക് ചെറിയ ഡീഫൈബറിംഗ് മെഷീനുകൾ സൗജന്യമായും, മറ്റ് മേഖലയിലുള്ളവർക്ക് സബ്സിഡി നിരക്കിലും നല്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br>• തൊഴിലാളികളുടെ അദ്ധ്വാന ഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനം ലക്ഷ്യമാക്കികൊണ്ട് ആധുനിക തരത്തിലുള്ള, വിവിധ ഇനം കയർ പിരിക്കാവുന്ന ഉല്പാദനക്ഷമത കൂടുതലുള്ള ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ വികസിപ്പിച്ചു വരുന്നു.<br>• വിനോദ സഞ്ചാരികൾക്കായി കയറിന്റേയും കയറുല്പന്നങ്ങളുടേയും നിർമ്മാണ പ്രക്രിയകൾ നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിനും അതോടൊപ്പം കയറുല്പ്പന്നങ്ങളുടെ വിപണനവും ലക്ഷ്യമിട്ടുകൊണ്ട് ഒരു മാതൃക കയർ ഗ്രാമം സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു.<br>• അടൂർ കിൻഫ്ര പാർക്കിൽ കയർ കോർപ്പറേഷന്റെ ആഭിമുഖ്യ ത്തിൽ പി വി സി ടഫ്റ്റഡ് യൂണിറ്റ് സ്ഥാപിച്ചു വരുന്നു.<br>• ആലപ്പുഴയിൽ കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ആധുനിക രീതിയിലുള്ള എക്സ്പോർട്ട് ഹബ് സ്ഥാപിച്ചു വരുന്നുണ്ട്. |

| | |
|---|---|
| | • സംഘങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ ഗോഡൗൺ. വർക്ക് ഷെഡ്, ടോയ്‌ലറ്റ് തുടങ്ങിയവയുൾപ്പെടെയുള്ള വയുടെ നിർമ്മാണം/നവീകരണം, ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്ക് ധനസഹായം അനുവദിച്ചു വരുന്നു.<br>• ഫോംമാറ്റിംഗ്സിന്റെ നേതൃത്വത്തിൽ കയർ കോംപസിറ്റ് ബോർഡ് ഫാക്ടറി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) കയർ മേഖലയെ ശക്തിപ്പെടുത്താനും യുവതലമുറയെ കൂടുതൽ ആകർഷിക്കുവാനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി)കയർ സഹകരണ സംഘങ്ങൾ, ചെറുകിട ഉൽപ്പാദകർ, പൊതുമേഖലാ സ്ഥാപനങ്ങൾ മറ്റു സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതും ആധുനികവത്ക്കരിക്കുന്നതിനും വിപുലീകരിക്കുന്നതിനും വൈവിദ്ധ്യവത്ക്കരിക്കുന്നതിനും പുന:സംഘടിപ്പിക്കുന്നതും പുനരുജ്ജീവിപ്പിക്കുന്നതുമായ യൂണീറ്റുകൾക്ക് പ്രോജക്ട് അധിഷ്ഠിത ധനഹായം നല്കി വരുന്നു. വിപണനം ശക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, കയർ മേഖലയിലെ സംരംഭകർക്കുള്ള മാർജ്ജിൻ മണി, ക്രയവില സ്ഥിരതാ പദ്ധതി, ഇൻവെസ്റ്റ്മെന്റ് സബസിഡി നൽകൽ, ക്ലസ്റ്റർ വികസന പദ്ധതി, കയർ സഹകരണ സംഘങ്ങൾക്കുള്ള സർക്കാർ ഓഹരി പങ്കാളിത്തം, വിപണന പ്രചോദന പദ്ധതി (Production and Marketing Incentive - PMA) തുടങ്ങിയ പ്രധാനപ്പെട്ട പദ്ധതികളും നടപ്പിലാക്കിവരികയാണ്. കയർ മേഖലയിൽ നിയന്ത്രിത യന്ത്രവത്ക്കരണം നടപ്പിലാക്കി കൂടുതൽ യുവജനങ്ങളെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുവാനുള്ള പരിശ്രമങ്ങൾ നടന്നു വരുന്നു. സംരംഭകത്വ വികസന പരിശീലനവും നൽകുന്നതാണ്. |
| (സി)യന്ത്രവത്ക്കരണം ഉൾപ്പെടെയുള്ള ആധുനികവൽക്കരണത്തിന് പ്രാധാന്യം നൽകുമോ; | (സി) പ്രാധാന്യം നൽകുന്നതാണ്. |
| ഡി)യന്ത്രവൽക്കരണം നടപ്പാക്കുമ്പോൾ തൊഴിലവസരങ്ങൾ നഷ്ടപ്പെടാതെയുള്ള പരിഷ്ക്കരണത്തിന് ഊന്നൽ നൽകുന്ന കാര്യം പരിഗണിക്കുമോ? | ഡി) പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ